അറസ്റ്റ്.

270: [31] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകായ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈയ്ക്കും നട്ടെല്ലിനും അപായകരമാംവിധം വെട്ടേറ്റ് പോരുവഴി, ഇടയ്ക്കാട്ടുകാരനായ ഒരു ഡാനിയലിനെ അവശനായ നിലയിൽ കൊല്ലം ഡിസ്പെൻസറി ആശുപത്രിയിൽ ഇക്കഴിഞ്ഞ 15-ാംനു പ്രവേശിപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഡാനിയലിനെ വെട്ടി മുറിവേല്പിച്ചതു സംബന്ധിച്ച് ഏതെങ്കിലും കേസ് ചവറ പോലീസ് എടുത്തിട്ടുണ്ടോ ; തൽസംബന്ധമായി ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെ ;

(സി) ഡാനിയലിനെ വെട്ടിയവൻ എന്നു് 'മലയാളരാജ്യം' 'കേരളകൗമുദി' 'ജനയുഗം' എന്നീ പത്രങ്ങളിലെ റിപ്പോർട്ടുകളിൽ പറയുന്ന ജോജ്ജിനെ ഇതുവരെയും ചവറ പോലീസ് അറസ്റ്റ് ചെയ്യാതെയിരിക്കുന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആ വിവരം കാണിച്ചു് ഞാൻ 19-3-1955-ൽ എഴുതിയ ഒരു കത്തു് ബഹുമാനപ്പെട്ട മന്ത്രിക്കു് ലഭിച്ചിട്ടുണ്ടോ ; അതിന്മേൽ എന്തു നടപടി എടുത്തു ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഉണ്ടു്. ജോർജ്ജു്, പൊടിയൻ എന്നു രണ്ടാളുകളുടെ പേരിൽ ഇൻഡ്യൻ പീനൽകോഡു് 324-ം, 114-ം, വകുപ്പുകൾ അനുസരിച്ചു് ചവറ പോലീസു് സ്റ്റേഷനിൽ ക്രൈം 20/55-ാം നമ്പരായി ഒരു കേസു് 15-3-1955-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(സി) ഉണ്ടു്. ശ്രീ. പി. ആർ. മാധവൻപിള്ള ആഭ്യന്തരകായ്യമന്ത്രിക്കു് അയച്ച കത്തിന്മേൽ ഇൻസ്പെക്ടർ ജനറൽ മുഖാന്തിരം അന്വേഷണം നടത്തിവരുന്നു.

ലാക്കപ്പിൽനിന്നും കാണാതായ പുരുഷനെപ്പറ്റിയുള്ള പരാതി.

271. [32] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകായ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമ്പാടി ലാക്കപ്പിൽ പാർപ്പിച്ചിരുന്ന ഒരു ജോസഫിനെ കാണാതായതിനെപ്പറ്റി ഗവണ്മെന്റിനു പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) അതിനെപ്പറ്റി പാമ്പാടി പഞ്ചായത്തു പാസ്സാക്കിയ ഒരു പ്രമേയം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പരാതിയിന്മേൽ എന്തു നടപടി എടുത്തു ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ജോസഫിന്റെ സംശയനിലയിലുള്ള മരണത്തെപ്പറ്റി വേണ്ട അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യുവാൻ കോട്ടയം ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിനോടാവശ്യപ്പെട്ടിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly